പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 203

19.06.2012-ലെ മറുപടിയ്ക്ക്

**കിൻഫ്രാ പാർക്കുകളിലെ സ്വകാര്യ നിക്ഷേപം**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ. എ.റ്റി.ജോർജ്ജ്<br>ശ്രീ. എം. എ വാഹീദ് | ശ്രീ.പി. കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റശേഷം കിൻഫ്രാ പാർക്കുകളിൽ എന്തെല്ലാം പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്; | (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കിൻഫ്രയുടെ വിവിധ പാർക്കുകളിൽ 78.84 കോടിയോളം രൂപയുടെ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) കിൻഫ്രാ പാർക്കുകളിൽ സ്വകാര്യ നിക്ഷേപങ്ങൾക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | ബി) സ്വകാര്യ നിക്ഷേപം ആകർഷിക്കുന്നതിനായി വ്യവസായ പാർക്കുകളിലെല്ലാം തന്നെ അടിസ്ഥാന സൗകര്യങ്ങളായ ജലം, വൈദ്യുതി തുടങ്ങിയവ ലഭ്യമാക്കിയിട്ടുണ്ട്. വ്യവസായ സംരംഭകർക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട അനുമതികൾ ലഭ്യമാക്കുന്നതിലേക്കായി ഏകജാലക സംവിധാനവും എല്ലാ പാർക്കുകളിലും കാര്യക്ഷമമായി നടപ്പിലാക്കിയിട്ടുണ്ട്.<br>ഭക്ഷ്യ സംസ്ക്കരണ മേഖലയിൽ കൂടുതൽ സ്വകാര്യ നിക്ഷേപം ആകർഷിക്കുന്നതിന് വേണ്ടി സംസ്ഥാന ഫുഡ് മിഷൻ സ്ഥാപിച്ചിട്ടുണ്ട്. |
| സി) എത്ര കോടി രൂപയുടെ സ്വകാര്യ നിക്ഷേപമാണ് പ്രതീക്ഷിക്കുന്നത്; ഇതുവഴി എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്നാണ് കരുതുന്നത്? | സി) കിൻഫ്രയുടെ വിവിധ വ്യവസായ പാർക്കുകളിൽ 111-ഓളം വ്യവസായ സംരംഭകർക്ക് ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്. ഈ സംരംഭകരുടെ പദ്ധതികൾ പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാകുമ്പോൾ 338.36 കോടി രൂപയുടെ നിക്ഷേപം പ്രതീക്ഷിക്കുന്നു. കൂടാതെ 3890-ഓളം തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്നും കരുതുന്നു. |

Hari Kumar

സെക്ഷൻ ഓഫീസർ